No. K6-134694/2017/PHQ
Police Headquarters
Thiruvananthapuram.
phq.pol@kerala.gov.in
04712721547
Dated: 06.08.2018

# Executive Directive No. 33/2018

വിഷയം നിയമസഭാ സമിതികൾ മുഖേന ലഭിക്കുന്ന ഹർജികളിന്മേൽ റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന - 1. പി.എച്ച്.ക്യൂ. സർക്കുലർ നമ്പർ 11/2005 തീയതി 26.04.2005
2. പി.എച്ച്.ക്യൂ. എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 09/2005 തിയതി 16.5.2005

നിയമസഭാ സമിതികൾ മുമ്പാകെ സമർപ്പിക്കുന്ന ഹർജികളിന്മേൽ അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ പല യൂണിറ്റ് ഓഫീസുകളിൽ നിന്നും അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതായി കാണുന്നു. കൂടാതെ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ പലതിലും അപാകതകൾ ഉള്ളതായും കാണുന്നു. പരാതികളിൽ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ/ഉന്നയിക്കുന്ന ആരോപണങ്ങളിൽ വിശദമായ പരിശോധന പോലും നടത്താതെയുമാണ് പല റിപ്പോർട്ടുകളും തയ്യാറാക്കുന്നതായി കാണുന്നത്. ഇതിനാൽ നിയമസഭ സമിതിയിൽ നിന്നും, സർക്കാരിൽ നിന്നും അന്വേഷണ റിപ്പോർട്ടുകളെ സംബന്ധിച്ച് വ്യക്തതയും, അധിക വിവരവും ആവശ്യപ്പെടുന്ന സാഹചര്യം തുടർച്ചയായി ഉണ്ടാകുന്നു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. നിയമസഭാ സമിതി മുമ്പാകെ സമർപ്പിക്കുന്ന ഹർജികൾ സർക്കാരിൽ നിന്നും അയച്ചുതരുമ്പോൾ അന്വേഷണ റിപ്പോർട്ട് അയച്ചുകൊടുക്കുന്നതിന് ഒരു **നിശ്ചിത സമയ പരിധി** രേഖപ്പെടുത്തിയിരിക്കും. ആയതിന്റെ അടിസ്ഥാനത്തിലാണ് ഈ കാര്യാലയത്തിൽ നിന്നും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ റിപ്പോർട്ട് ആവശ്യപ്പെടുന്നത്. ആയതിനാൽ അന്വേഷണ

റിപ്പോർട്ട് നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ തന്നെ ലഭ്യമാക്കാൻ യൂണിറ്റ് മേധാവികൾ വ്യക്തി പരമായി ശ്രദ്ധിക്കേണ്ടതാണ്.

2. നിയമസഭാ സമിതിയുടെ തെളിവെടുപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിലും കാലതാമസം ഉണ്ടാകുന്നുണ്ട്. ഇപ്രകാരം റിപ്പോർട്ടുകൾ വൈകി ലഭിക്കുന്നത് കാരണം, ആയത് ഈ ഓഫിസിലും, സർക്കാരിലും പരിശോധിക്കുന്നതിനും, ആയതിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത് സമയ പരിധിക്കുള്ളിൽ പരിഹരിക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ആയതിനാൽ തെളിവെടുപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ അന്വേഷണ റിപ്പോർട്ട് **നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ** തന്നെ ലഭ്യമാക്കാൻ യൂണിറ്റ് മേധാവികൾ വ്യക്തിപരമായി ശ്രദ്ധിക്കേണ്ടതാണ്.

3. നിയമസഭാ സമിതിയിൽ സമർപ്പിക്കുന്ന പരാതികളിൽ DYSP/ACP റാങ്കിലുള്ള ഒരു മുതിർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് **വ്യക്തിഗത അന്വേഷണം** നടത്തിക്കേണ്ടതാണ്.

4. ലഭിക്കുന്ന പരാതികളിൽ പലതും മുമ്പ് പരാതിക്കാരൻ വിവിധ അധികാരസ്ഥാനങ്ങളിലേക്ക് അയച്ചുകൊടുത്തിട്ടുള്ളതും, ആയതിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതുമായിരിക്കും. ഒരു പക്ഷേ ഈ അന്വേഷണത്തിൽ തൃപ്തനാകാത്തതിനാലായിരിക്കാം പരാതിക്കാരൻ നിയമസഭാ സമിതിക്ക് പരാതി നൽകുന്നത്. കൂടാതെ, മുൻ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെയും നിയമസഭാ സമിതിയ്ക്ക് നൽകുന്ന പരാതികളിൽ ആരോപണം ഉന്നയിക്കാറുണ്ട്. എന്നാൽ നിയമസഭാ സമിതിയിൽ സമർപ്പിക്കുന്ന പരാതികളിൽ റിപ്പോർട്ട് ആവശ്യപ്പെടുമ്പോൾ സമാന പരാതികളിന്മേൽ മുൻകാലങ്ങളിൽ നടത്തിയ അന്വേഷണ റിപ്പോർട്ടുകളാണ് പല യൂണിറ്റുകളിൽ നിന്നും ലഭിക്കുന്നത്. ഇത് സ്വീകാര്യമല്ലാത്തതിനാൽ നിയമസഭാ സമിതിയിൽ നിന്നും ലഭിക്കുന്ന പരാതികളിൽ **പുതിയ അന്വേഷണം** നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

5. പരാതിയിലെ ഉള്ളടക്കം പരിശോധിച്ച് ആയതിൽ പരാമർശിക്കുന്ന എല്ലാ കാര്യങ്ങളിലും/ഉന്നയിക്കുന്ന ആരോപണങ്ങളിലും മതിയായ അന്വേഷണം നടത്തേണ്ടതും, അപ്രകാരം കണ്ടെത്തുന്നതിന്റെ **വിശദാംശങ്ങൾ** അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പരാതിയുമായി ബന്ധപ്പെട്ട് ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അന്വേഷണ റിപ്പോർട്ടിനൊപ്പം അയച്ച് തരേണ്ടതും, എത്രയും വേഗം കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ടും തുടർന്ന് അയച്ച് തരേണ്ടതാണ്.